# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3884

18/10/2011 ൽ
മറുപടിക്ക്

## പുതിയ വിദ്യാഭ്യാസ പാക്കേജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | പൊതു വിദ്യാലയങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് അവസാനിപ്പിക്കാനും പുതിയ വിദ്യാഭ്യാസ പാക്കേജ് എത്രമാത്രം സഹായിക്കുന്നുണ്ട് എന്ന് വിശദമാക്കുമോ; | (എ) | പുതിയ അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്നതിലൂടെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയുകയും, അദ്ധ്യാപകർക്ക് കൂടുതൽ ട്രെയിനിംഗ് നൽകുകയും, അദ്ധ്യാപകരുടെ പ്രവർത്തന മികവ് സംബന്ധിച്ച് ഉന്നതതല പരിശോധന നടത്തുകയും ചെയ്യുന്നതിലൂടെ പൊതു വിദ്യാലയങ്ങളുടെ ഗുണനിലവാരം കൂടുതൽ മെച്ചപ്പെടും. അതോടുകൂടി കുട്ടികളുടെ കൊഴിഞ്ഞ്പോക്ക് ഒരു പരിധിവരെ തടയാൻ കഴിയും |
| (ബി) | ഇംഗ്ലീഷ് മീഡിയത്തിന് പ്രാമുഖ്യം നൽകി കരിക്കുലവും സിലബസും പരിഷ്ക്കരിക്കുമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | നിലവിലുള്ള അദ്ധ്യാപകർക്ക് അദ്ധ്യാപനരീതികൾ അടക്കമുള്ള വിഷയങ്ങളിൽ ശാസ്ത്രീയ പരിശീലനം നൽകുമോ; | (സി) | നൽകും. |
| (ഡി) | ഐ.ടി. അറ്റ് സ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്തി ആയത് കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുമോ; | (ഡി) | വ്യാപിപ്പിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | അദ്ധ്യാപകരുടെ സംഘടനാ പ്രവർത്തനത്തിനും കുട്ടികളുടെ രാഷ്ട്രീയ പ്രവർത്തനത്തിനും പരമാവധി നിയന്ത്രണം ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ നൽകുമോ? | (ഇ) | സ്കൂളുകളിലെ അദ്ധ്യാപകർക്ക് സംഘടനാ പ്രവർത്തന സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ട്. സ്കൂളുകളിൽ വിദ്യാരത്ഥികൾക്കായി സ്കൂൾ പാർലമെന്റിന്റെ തെരെഞ്ഞെടുപ്പും പ്രവർത്തനവും അനുവദിച്ചിട്ടുണ്ട്. ഇവ സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിലാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത് പാർലമെന്റ് തെരഞ്ഞെടുപ്പ് രാഷ്ട്രീയ അടിസ്ഥാനത്തിലല്ല. |

സെക്ഷൻ ഓഫീസർ